**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 358** **08-06-2021 - ൽ മറുപടിയ്ക്ക്**

**ചെറുപുഴ സബ് ട്രഷറിയ്ക്കായുള്ള പുതിയ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുന്ന നടപടികളുടെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ? | (എ) | ചെറുപുഴ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തളിപ്പറമ്പ് താലൂക്കിൽ വയക്കര വില്ലേജിൽ റീ സർവ്വേ നമ്പർ 59 / 1 ൽ പെട്ട 5 സെന്റ് സ്ഥലം സ്വകാര്യ വ്യക്തിയിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. അവിടെ ട്രഷറിക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു കെട്ടിടം നിർമിക്കുന്നതിന് ട്രഷറി വകുപ്പിന് അനുവദിച്ചിരുന്ന നിർമ്മാണ നിർവഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിരുന്നതുമാണ്. എന്നാൽ ട്രഷറി കെട്ടിടത്തിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്ന വേളയിൽ പ്രസ്തുത സ്ഥലത്തു ചെറുപുഴ പഞ്ചായത്ത് കൈയേറി കെട്ടിടം നിർമ്മിച്ചതായി ബോധ്യപ്പെട്ടുകയും ആയത് പഞ്ചായത്ത് ഭരണ സമിതിയെ അറിയിക്കുകയും ചെയ്യുകയുമുണ്ടായി. ഇതേ തുടർന്ന് പ്രസ്തുത സ്ഥലത്തോട് ചേർന്ന് കൈയേറ്റം നടന്ന ഭൂമിക്ക് തുല്യമായി സ്വകാര്യ വ്യക്തിയുടെ ഭൂമി വാങ്ങി ട്രഷറിക്ക് നൽകുന്നതിനു പഞ്ചായത്ത് നടപടി സ്വീകരിച്ചിരുന്നു. സബ് ഡിവിഷൻ ചെയ്തിട്ടില്ലാത്ത ഭൂമിയായതിനാൽ സാങ്കേതിക പ്രശ്നങ്ങൾ ഉണ്ടാവില്ലെന്ന് സർവ്വേ വകുപ്പിൽ നിന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ സർവ്വേയർക്ക് നടപടികൾ ഇനിയും പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. കയ്യേറിയ സ്ഥലത്തിന് പകരം സ്ഥലം പഞ്ചായത്തിൽ നിന്നും അളന്നു തിരിച്ചു വില്ലേജോഫീസിൽ നിന്നുള്ള ലൊക്കേഷൻ സ്കെച്ച് സഹിതം ലഭ്യമാക്കുന്ന മുറക്ക് നിർവഹണ ഏജൻസി മുഖേന ട്രഷറി വകുപ്പ് ഡീറ്റൈൽഡ് പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി ലഭ്യമാക്കുമ്പോൾ ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ